## ഖത്തര് പ്രധാനമന്ത്രിയുടെ ഔദ്യോഗിക ഇന്ത്യാ സന്ദർശനം (ഡിസംബര് 03,2016)

നവംബര് 24, 2016

ഖത്തര് സ്റ്റേറ്റ് ഓഫ് ഖത്തര് പ്രധാനമന്ത്രിയും മിനിസ്റ്റര് ഓഫ് ഇന്റീരിയറും ആയ ഹിസ് എക്സലൻസി ഷേക്ക് അബ്ദുല്ല ബിന് നാസ്സര് ബിന് ഖലീഫ അല് താനി ഡിസംബര് 03, 2016 ല് ഔദ്യോഗിക സന്ദർശനത്തിന് ഇന്ത്യയില് എത്തും . പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദിയുടെ ക്ഷണം സ്വീകരിച്ചാണ് സന്ദർശനം . സന്ദർശനത്തോട് അനുബന്ധിച്ച് പരസ്പരം താത്പര്യമുള്ള ഉഭയകക്ഷി, മേഖലാ , ബഹുമുഖ വിഷയങ്ങള് അദ്ദേഹം പ്രധാനമന്ത്രിയുമായി ചർച്ച ചെയ്യും .

ഇത് ഹിസ് എക്സലൻസി ഷേക്ക് അബ്ദുല്ലയുടെ ആദ്യ ഇന്ത്യാ സന്ദർശനമാണ്, ഇരു രാജ്യങ്ങൾക്കുമിടയില് കഴിഞ്ഞ രണ്ടു വർഷങ്ങൾക്കുളില് നടക്കുന്ന മൂന്നാമത്തെ ഉന്നത തല ഉഭയകക്ഷി ഇടപ്പാടും ആണ് , ഇത് ഖത്തറുമായി ഇന്ത്യയുടെ വളരുന്ന ബന്ധം ആണ് അടിവരയിടുന്നത് . മാർച്ച് 2015 ല് ഖത്തറിലെ അമീര് ഹിസ് ഹൈനെസ് ഷേക്ക് തമീം ബിന് ഹമദ് അല് -താനി ഇന്ത്യ സന്ദർശിച്ചിരുന്നു . അതേ തുടർന്നു പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദി ഖത്തറിലേക്ക് ജൂണ് 2016 ല് സന്ദർശനം നടത്തിയിരുന്നു

പരസ്പരം പ്രയോജനകരമായ വ്യവസായ വിനിമയങ്ങള് , ജനങ്ങള് തമ്മിലുള്ള ബന്ധങ്ങള് എന്നിവയില് അടിസ്ഥാനമാക്കിയതാണ് ഖത്തറുമായി നമ്മുടെ അടുപ്പമുള്ളതും സൌഹൃദവും നിറഞ്ഞ ബന്ധങ്ങള് . ഗൾഫ് മേഖലയിലെ നമ്മുടെ പ്രധാന വ്യാപാര പങ്കാളി മാത്രമല്ല മറിച്ച് നമ്മുടെ ഏറ്റവും വലിയ ലികിഡ് നാച്ചുറല് ഗാസ് വിതരണക്കാര് കൂടിയാണ് ഖത്തര്- 2015-16 ലെ നമ്മുടെ മൊത്തം ഇറക്കുമതിയുടെ 66% കണക്കാക്കാം . ഖത്തറിലെ ഏറ്റവും വലിയ പ്രവാസി സമൂഹമാണ് ഇന്ത്യക്കാര് , അവരുടെ ആതിഥേയ രാജ്യത്തിന്റെ പുരോഗതിക്കും ഇകസനത്തിനും അവര് സകാരാത്മാകമായി നൽകുന്ന സംഭാവനകള് പരക്കെ അംഗീകരിക്കപ്പെട്ടതാണ് . ഖത്തറില് ഏകദേശം 630,000 ഇന്ത്യക്കാര് ജോലി ചെയ്യുന്നുണ്ട്

ന്യൂഡെൽഹി
നവംബര് 24 , 2016